**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4943** **11-08-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ ബ്ലോക്ക് സ്ഥാപിക്കുന്നതിന് 2021-2022 ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് കോഴിക്കോട് തിരുവനന്തപുരം മെഡിക്കൽ കോളേജുകൾക്ക് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ഹൈറ്റ്സ് എന്ന സ്ഥാപനത്തെ ചുമതല പ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ബ്ലോക്കിൽ എത്ര ബെഡ് അനുവദിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്; ടി പദ്ധതിയുടെ പ്രവർത്തന പുരോഗതി എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | നിർദ്ദിഷ്ട ഐസൊലേഷൻ ബ്ലോക്കിൽ ഐസിയു, വാർഡ് എന്നിവിടങ്ങളിലായി 175 ബെഡ്ഡുകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായിട്ടുള്ള ടോപ്പോഗ്രാഫിക്കൽ സർവ്വേ നിർവ്വഹണ ഏജൻസിയായ ഹൈറ്റ്സ് ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ